
# St. Peter's Jacobite Syrian Orthodox Church

KINGDOM OF BAHRAIN

NOT TO BE MINISTERED UNTO BUT TO MINISTER

SYRIAN ORTHODOX PATRIARCHATE




# Church Bulletin June - 2013

Special Bulletin 2013.indd 1 12-Jun-13 5:05:26 AM



Our Patriarch
H. H. Moran Mor Ignatius
Zakka I Iwas



Our Catholicos
H. B. Aboon Mor Baselios
Thomas I



Our Patriarchal Vicar
H. G. Mathews Mor Antheemos



Our Vicar
Rev. Fr. Benny Abraham



Special Bulletin 2013.indd 3 12-Jun-13 5:05:29 AM

# Index


Vicar's Message .......... 4
Bible Verses .......... 7
Bible Crossword .......... 8
Bible Quiz .......... 10
Announcements .......... 12
Event Photos .......... 13




*We pray to the Almighty God for the safe return of Greek Orthodox Archbishop Metropolitan Paul Yazigi and the archbishop of Syriac Orthodox Diocese of Aleppo, Mor Gregorious Ibrahim.*

# Our Patriarchal Vicar

## H. G. Mathews Mor Antheemos



**Born -** 03 November 1974

**Parents -** Mr. C M Joseph & Mrs. Mary Joseph, Chully Family of Alwaye

**Parish Church -** St. Mary's Jacobite Syrian Orthodox Church, Thrikkunnath, Aluva (Angamaly diocese, Angamaly Region)

**Education -** Master Degree in Economics

**Theological Studies -** B.D. from United Theological College, Bangalore

Doctorate in Theology (D Th) from the Paris Lodron University, Salzburg, Austria in Patristic Theology "Integrity of Creation in the Theology of Ephrem The Syrian, A patristic Eco Theology" from the Salzburg University of Austria

**Korooyo -** 02 January 2004 (ordained by Catholicos H.B. Baselios Thomas I)

**Kassisso -** 26 September 2005 (ordained by Catholicos H.B. Baselios Thomas I)


**Ramban -** 27 December 2011 (by Catholicos H.B. Baselios Thomas I)

**Metropolitan -** 15 January 2012 (ordained by His Holiness Ignatius Zakka-I Iwas, Patriarch of Antioch & All the East)



Special Bulletin 2013.indd 5 12-Jun-13 5:05:32 AM

**"പുണ്യത്തിലും സ്നേഹത്തിലും നിൻെറ നിക്ഷേപം സൂക്ഷിക്കുക"**
**ബാർ ആസിറേ 29:13**



## പങ്കുവയ്ക്കൽ-രക്ഷയ്ക്ക് അനിവാര്യം

ബാങ്കുദ്യോഗസ്ഥർക്കായി നടത്തപ്പെട്ട സെമിനാറിൽ ക്ലാസ്സ് എടുത്ത വ്യക്തി ചോദിച്ചു"ആരായിരിക്കാം ഈലോകത്തിൽ ഏറ്റവും കൂടുതൽ സന്തോഷം അനുഭവിക്കുന്നത്? എങ്ങനെ ജീവിച്ചാലാണ് ഏറ്റവുമധികം സന്തോഷിക്കാനാവക"? വളരെ നിസ്സാരമായ ഒരു ചോദ്യം. ഒത്തിരി ചിന്തിട്ടും തൃപ്തികരമായ ഒരു മറുപടി ലഭിക്കുന്നില്ല. പണവും പണക്കാരുമായും നിരന്തരം സമ്പർക്കം പുലർത്തുന്ന അവർക്ക് ഒരു കാര്യം തീർച്ചയാണ്. പണമോ പ്രശസ്തിയോ ആരേയും അധികം സന്തോഷപ്പിക്കുന്നില്ല. ഉയർന്ന ജീവിത ചുറ്റുപാടുകളും, ഉന്നത വരുമാനവും, വലിയ വീടും, മുന്തിയ വാഹനങ്ങളും, നന്നായി പഠിക്കുന്ന മക്കളും, സൗന്ദര്യമുള്ള ജീവിത പങ്കാളിയും, സ്വാധീനമുള്ള ബന്ധുക്കളുമൊക്കെയുണ്ടെങ്കിലും എവിടെയോ ഒരു ശൂന്യത അനുഭവപ്പെടുന്നു. ജീവിതത്തിൽ കൂറെയൊക്കെ സുഖം അനുഭവിക്കുന്നുണ്ട്. എങ്കിലും ഇതുതന്നെയാണോ യഥാർത്ഥമായ ആനന്ദം? ഒടുവിൽ സെമിനാർ നയിച്ച വ്യക്തി, അദ്ദേഹം അനുഭവിച്ചറിഞ്ഞ സത്യം പങ്കുവച്ചു. One who shares has the greatest amount of happiness. പങ്കുവയ്ക്കലിൻെറ അളവു കൂടുന്തോറും സന്തോഷത്തിൻെറ അളവും കൂടും.

നിത്യേന നാം കൈകാര്യം ചെയ്യുന്ന ഒന്നാണ് സമ്പത്ത്. എന്നാൽ സമ്പത്തിൻെറ സമാഹരണ-വിനിമയ കാര്യത്തിൽ നാം എത്രമാത്രം വിവേകം കാണിക്കാറുണ്ട് എന്നതു് ഒന്ന് ഗൗരവമായിതന്നെ ചിന്തിക്കേണ്ട വസ്തുതയാണ്. വിവേകപൂർവ്വമായ ഉപയോഗം നമ്മെ രക്ഷയിലേക്കും, വിവേകമില്ലാത്ത ഉപയോഗം നാശത്തിലേക്കും നയിക്കാനിടയാകും. സമ്പത്ത് എപ്രകാരം ഉപയോഗിച്ചാലാണ് ദൈവരാജ്യ മൂല്യങ്ങൾക്കനുസൃതമാകുക എന്നു വ്യക്തമാക്കുന്ന തിരുവചന ഭാഗങ്ങളിൽ ചിലതാണ്. വി.ലൂക്കോസ് 16:16-31,12:13-21,18:18-30,19:1-10 തുടങ്ങിയവ. ധനവാൻേറയും ലാസറിൻേറയും ഇഹലോക ജീവിതത്തിലേക്ക് കണ്ണോടിച്ചാൽ ഭക്ഷണം, വസ്ത്രം, ആരോഗ്യം എന്നിവയുടെ കാര്യത്തിൽ ധനവാൻ അനുഗ്രഹീതനും, ലാസറാകട്ടെ വ്രണം നിറഞ്ഞു് ധനവാൻെറ പടിവാതില്കൽ പടിയോടൊപ്പം പരിത്യജിക്കപ്പെട്ട ദരിദ്രനുമായിരുന്നു. ഇരുവരും മരിച്ചു എന്നാൽഭൗതീക സമ്പത്തുകൾ ധനവാനേയോ ദാരിദ്ര്യവും വേദനയും ലാസറിനേയോ മരണത്തിനപ്പുറം അനുഗമിച്ചില്ല. മരണാനന്തരം ലാസർ അബ്രാഹമിൻെറ മടിയിലേക്കും ധനവാൻ പാതാളത്തിൽ യാതനാ സ്ഥലത്തേക്കും മാറ്റപ്പെട്ടു. താൻ അനുഭവിച്ച നന്മകൾ, ലാസറിൻെറ ആവശ്യങ്ങളിൽ



Special Bulletin 2013.indd 6 12-Jun-13 5:05:33 AM

പങ്കുവച്ചില്ല എന്നതാണ് ധനവാൻ യാതനാ സ്ഥലത്തേക്കു പോകുവാനുള്ള കാരണമായതു്. ദൈവം നല്കിയ സമ്പത്ത് വിവേകപൂർവ്വം ഉപയോഗിക്കുന്നതിൽ ധനവാൻ പരാജയപ്പെട്ടു. തന്റെ വീട്ടുപടിയ്ക്കൽ കിടന്നിരുന്നവന്റെ വേദനയും, വിശപ്പും, ദാഹവും തിരിച്ചറിഞ്ഞ് വേണ്ടതു ചെയ്യുവാൻ ധനവാന് കഴിയാതെ പോയി. സാഹോദര്യത്തിന്റെ കരം ലാസറിന് നേരെ നീട്ടാതെ പോയതാണ് ധനവാന്റെ കുറവ്. ദൈവം നല്കിയ സമ്പത്തുകൊണ്ട് മറ്റുള്ളവരുടെ ആവശ്യങ്ങൾക്കനുസരിച്ച് അവരെ സഹായിക്കുവാൻ നമുക്ക് കഴിയണം. ധനവാൻ നമുക്ക് നല്കുന്ന സന്ദേശം നമ്മുടെ സമ്പത്ത് വിവേകപൂർവ്വം വിനിയോഗിച്ചു അനശ്വരതയിലേക്ക് പ്രവേശിക്കണം എന്നതാണ്. സ്വാർത്ഥത നിറഞ്ഞ ജീവിതം സമ്മാനിച്ച നരകയാതനയുടെ അനുഭവത്തിൽനിന്നുകൊണ്ട്, എല്ലവരും രക്ഷപ്രാപിക്കണമെന്ന ആഗ്രഹത്തോടെയാണ് ധനവാൻ നമ്മോട് ഇതു പറയുന്നത്. പരലോകജീവിതം, ഈ ലോകജീവിതത്തിന്റെ തുടർച്ചയാണ്. ഒറ്റപ്പെട്ട ഒരു ജീവിതവും ഈ ഭൂമിയിൽ ഇല്ല. ഒന്നു മറ്റൊന്നിനോട് ബന്ധപ്പെട്ടിരിക്കുന്നു. നന്മയ്ക്കും തിന്മയ്ക്കും പ്രതിഫലവും പ്രതിഫലനവും ഉണ്ടാകും. ആകയാൽ ഭൗതീക നന്മകളെ ദൈവാനുഗ്രഹ ലക്ഷണമായി മാത്രം കാണാതെ അവയെ ദൈവാനുഗ്രഹത്തിനുള്ള ഉപാധികളാക്കി മാറ്റണം-സഹോദര സ്നേഹത്തിലധിഷ്ഠിതമായ പങ്കുവയ്ക്കലിലൂടെ. വാരികൂട്ടികൊണ്ടല്ല, കൊടുത്തു തീർത്തുകൊണ്ടാണ് സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപങ്ങൾ സ്വരുകൂട്ടുക എന്നു ഓർമ്മപ്പെടുത്തുന്ന സുവിശേഷ ഭാഗങ്ങളാണ് വി.ലൂക്കോസ് 12:13-21,18:18-30. ഒരുവൻ അവനുവേണ്ടിമാത്രം ജീവിക്കുമ്പോൾ അവൻ മൃതനാണ്. ഒരാൾ അപരനുവേണ്ടി ജീവിക്കുമ്പോഴാണ് അവൻ യാഥാർത്ഥ ജീവനുള്ളവനായിത്തീരുക.

സ്വന്തം സുഖസൗകര്യങ്ങളുപേക്ഷിച്ച് മറ്റുള്ളവർക്കായി ജീവിക്കുമ്പോഴാണ് ദൈവസന്നിധിയിൽ നിക്ഷേപം സ്വരുപിക്കപ്പെടുക. ദൈവസന്നധിയിൽ നിക്ഷേപം കരുതാത്തവരോടൊക്കെ ദൈവം ചോദിക്കുന്ന ഒരു ചോദ്യം ഉണ്ട്. “മൂഢാ; ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു് ചോദിക്കും. പിന്നെ നീ ഒരുക്കി വച്ചത് ആർക്കാകും”? തവളയെ ഒരു പാമ്പ് വിഴുങ്ങികൊണ്ടിരിക്കുകയാണ്. തവളയാകട്ടെ, പറന്നു പോകുന്ന ഒരു ചെറു പ്രാണിയെ ആർത്തിയോടെ വിഴുങ്ങുവാനുള്ള ശ്രമത്തിലും. മരണമെന്ന പാമ്പിന്റെ വായിൽ ഞെരിഞ്ഞമരുമ്പോഴും മുമ്പിലുള്ള കൊച്ചു കൊച്ചു സുഖങ്ങളെ നോക്കി ആർത്തി കാണിക്കരുത്. നിത്യതയിലേക്ക് നിക്ഷേപം സ്വരൂപിക്കാനാണ് ഉത്സാഹിക്കേണ്ടത്.ഈ ലോക സമ്പത്തുക്കളൊക്കെ നശിച്ചു പോകും;നിത്യതയിലേക്ക് നിക്ഷേപിക്കുന്നവ ശാശ്വതമായിരിക്കും. നാം ചെയ്യുന്ന കാരുണ്യ പ്രവർത്തികൾക്കെല്ലാം നിത്യതയിൽ പ്രതിഫലം ലഭിക്കും.

ജീവിതത്തെ അനശ്വരമാക്കുവാനുള്ള മാർഗ്ഗമന്വേഷിച്ച് തന്നെ സമീപിച്ച ധനികനായ മനുഷ്യനോട്,കർത്താവ് അവൻെറ കുറവ് ചൂണ്ടിക്കാട്ടിക്കൊണ്ട് പറഞ്ഞു"നിനക്കുള്ളതൊക്കെയും വിറ്റ് ദരിദ്രന്മാർക്ക് പകുത്തു കൊടുക്കുക. എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകുംഗ്ഗ. നിത്യജീവൻ നേടണമെങ്കിൽ പങ്കുവയ്ക്കുക തന്നെ വേണം. നിയമങ്ങൾ അനുസരിച്ചതു കൊണ്ടോ, ആർക്കും ഒരു ഉപദ്രവും വരുത്താതെ ജീവിച്ചതുകൊണ്ടോ മാത്രം ആയില്ല; സ്വർഗ്ഗം വേണമോ? പങ്കുവയ്ക്കുകതന്നെ വേണം. പങ്ക് വയ്ക്കുക എന്നത്, ഒട്ടകം, നേരീയ ദ്വാരമുള്ള ഒരു സൂചിയിലൂടെ അപ്പുറം കടക്കാൻ ശ്രമിക്കുന്നതിനേക്കാൾ ദുഷ്കരമാണെന്ന് യേശു പഠിപ്പിച്ചു. തങ്ങളുടെ സമ്പത്തും സ്വാധീനവും കർത്താവിനും സഹോദരർക്കുമായി പങ്കുവച്ച ധനികരായിരുന്നു നിക്കോദിമോസും, അരിമത്യക്കാരൻ യൗസേഫും, സക്കായിയും, ക്രിസ്തുവിനെ അനുഗമിച്ച പല സഹോദരിമാരും. ധനികർ മാത്രംപോരാ, ദരിദ്രനും പങ്കുവയ്ക്കണം. ഞാൻ ദരിദ്രനാണ്, എനിക്കു പങ്കുവയ്ക്കാനൊന്നുമില്ലെന്നു പറഞ്ഞാൽ,തനിക്ക് ഉള്ളതു മുഴുവനും സമർപ്പിച്ച വിധവയുടെ കാണിക്കയിൽ സംപ്രീതനായ നാഥൻെറ മുന്നിൽ, അത് വിലപ്പോവില്ല.

നിന്നെപ്പോലെ തന്നെ നിൻെറ അയല്കാരനേയും സ്നേഹിക്കുക എന്നും,ശത്രുക്കളെ സ്നേഹിക്കുക എന്നും യേശു പഠിപ്പിച്ചല്ലോ. സ്നേഹിക്കുക എന്നാൽ നല്കുക എന്നല്ലേ അർത്ഥം! തൻെറ ഏകജാതനെ നല്കികൊണ്ടല്ലേ ദൈവം ലോകത്തെ സ്നേഹിച്ചത്. (വി.യോഹന്നാൻ 3:16). തനിക്കുള്ളതെല്ലാം പങ്കുവച്ചു കൊണ്ടല്ലേ നല്ലസമര്യക്കാരൻ മുറിവേറ്റവനെ സ്നേഹിച്ചത്. വിശക്കുന്നവനേയും ദാഹിക്കുന്നവനേയും അഗതിയേയും രോഗിയേയും ബന്ധിതനേയും നഗ്നനേയും ഒക്കെ സ്നേഹിക്കുക. എല്ലാവർക്കും ദൈവത്തെപ്രതി, നല്കുക-പങ്കുവയ്ക്കുക അപ്പോൾ ദൈവം നമ്മോടും അരുളിചെയ്യും "എൻെറ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവീൻ" എന്ന്. സ്വന്തം ജീവനെപ്പോലും നമുക്കായി നല്കി നമ്മെ സ്നേഹിച്ചവൻ നമ്മെയും ക്ഷണിയ്ക്കുന്നു പങ്കുവയ്ക്കുവാൻ.....ലോകത്തിലേറ്റവും ആനന്ദവും സന്തോഷവും അനുഭവിക്കുന്നവരായി ജീവിക്കുവാൻ...........

സ്നേഹപൂർവ്വം,
ക്രിസ്തുയേശുവിൽ
നിങ്ങളുടെ ബെന്നിയച്ചൻ



Special Bulletin 2013.indd 8 12-Jun-13 5:05:36 AM

# Bible Verses

**വി.യോഹന്നാൻ:17:3** ഏകസത്യദൈവമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നെ നിത്യജീവൻ ആകുന്നു.

**1കൊരിന്ത്യർ:8:5–6** എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു പേരുള്ളവർ ഉണ്ടെന്നുവരികിലും പിതാവായ ഏകദൈവമേ നമുക്കുള്ളു; അവൻ സകലത്തിനും കാരണഭൂതനും നാം അവന്നായി ജീവിക്കേണ്ടതും ആകുന്നു.

**1തിമൊഥെയൊസ്:2:5–6** ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ; എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തുയേശു തന്നെ.

**എബ്രായർ:10:19,20,21,22** അതുകൊണ്ട് സഹോദരന്മാരെ, യേശു തൻെറ ദേഹം എന്ന തിരശ്ശീലയികൂടി നമുക്ക് പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി, തൻെറ രക്തത്താൽ വിശുദ്ധമന്ദിരത്തിലേക്കുള്ള പ്രവേശനത്തിന് ധൈര്യവും ദൈവാലയത്തിന്മേൽ ഒരു മാഹാപുരോഹിതനും നമുക്കുള്ളതുകൊണ്ട് നാം ദുർമ്മനസ്സാക്ഷി നീങ്ങുമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടവരും ശുദ്ധവെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിൻെറ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥഹൃദയത്തോടെ അടുത്തു ചെല്ലുക.

**സദൃശവാക്യങ്ങൾ:30:6** അവൻെറ വചനങ്ങളോടു നീ ഒന്നും കൂട്ടരുതു; അവൻ നിന്നെ വിസ്തരിച്ചിട്ടു നീ കള്ളനാകുവാൻ ഇട വരരുതു.


**സങ്കീർത്തനങ്ങൾ:19:7** യഹോവയുടെ ന്യായപ്രമാണം തികവുള്ളതു; അതു പ്രാണനെ തണുപ്പിക്കുന്നു. യഹോവയുടെ സാക്ഷ്യം വിശ്വാസ്യമാകുന്നു; അതു അല്പബുദ്ധിയെ ജ്ഞാനിയാക്കുന്നു.

**വെളിപ്പാടു:22:18** ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ: അതിനോടു ആരെങ്കിലും പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന്നു വരുത്തും.



Special Bulletin 2013.indd 9 12-Jun-13 5:05:37 AM

# Are You Bible Literate?
# Bible Crossword #6 June 2013



Leela Alexander

**ACROSS**

**3** Which prophet cried w hen he realised w hat Hazael of Syria w ould do to his people?

**4** Who w ept w hen he thought Joseph w as dead?

**6** Which baby w as crying w hen he w as discovered by a princess?

**7** Who cried as he begged Isaac for his rightful blessing.?

**9** Which three men w ept w hen they saw Job's misery ? Eliphaz, Bildad and ------

**11** Who w ept because he realised David had a chance to kill him but chose not to?

**13** Who w ept because her husbsnd's other w ife taunted her for being childless?

**14** Who w ept bitterly after denying Jesus?

**DOWN**

**1** Whose second husband , Phaltiel w ept as he w tched her return to her first husband, David?

**2** Who said "Mine eyes poureth out tears unto God"?

**4** Who cried in Egypt w hen his brothers did not recognize him?

**5** Which king of Judah cried because of his terrible illness?

**8** Which tw o male friends w ept together? David and --------

**10** Which old testament w oman is pictured as "w eeping for her children and refusing to be comforted"?

**12** At w hose death did Abraham w eep?

This is the sixth in the series of Bible crossword puzzles for 2013. All the clues are about **time for weeping** in the Bible. Solve the crossword. A few references are given. Use them if necessary. Please submit your answers in the box kept next to the door of the church within 10 days after the release of the newsletter.

This contest is open to all Sunday school students and adults. The winners' names will be published in the church newsletter. The annual award is given only to Sunday School students. You may also send the answers to me by email. My email address is
**ocalex@batelco.com.bh**
**ocalexleela@gmail.com**

**Useful References: Jeremiah 31, Genesis 23, Genesis 27, 1Samuel 1, 1Samuel 24, Genesis 37, 2Kings 8, 1Samuel 20, Job 16, Job 2, 2Samuel 3, 2Kings 20, Matthew 26, Exodus 2, Genesis 42**

## Solution to May 2013 Bible Crossword

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | J | | | | | | | P | | M | | | | |
| | U | | | | A | B | R | A | H | A | M | | | |
| | D | | | | | | | U | | R | | | | |
| N | A | T | H | A | N | A | E | L | | Y | | | | |
| | H | | | | I | | | | | | | | | |
| | | | | | C | | | | | J | A | C | O | B |
| | | | | | O | | | | | O | | | | |
| | | B | | | D | | A | | | N | | | | |
| | | O | | | E | | G | A | M | A | L | I | E | L |
| | | A | D | A | M | | R | | | H | | | L | |
| | | Z | | | U | | I | | | | | | I | |
| | | | J | O | S | E | P | H | | | | | S | |
| | | | | | | | P | | | | | | H | |
| | N | E | B | U | C | H | A | D | N | E | Z | Z | A | R |

Winners of May will be published in July Edition

Leela Alexander



# Bible Quiz

**Quiz No : 5** **പുറപ്പാട് (1–14)**

1. ഞാൻ നിൻെറ വായോടു കൂടെ ഇരുന്ന്, നീ സംസാരിക്കേണ്ടതു നിനക്ക് ഉപദേശിച്ചു തരും എന്നു യഹോവ അരുളിചെയ്തപ്പോൾ അതിനു മോശെ കൊടുത്ത മറുപടി എന്താണ്?

2. ജനിക്കുന്ന ആൺകുട്ടികളെ നദിയിൽ ഇട്ടുകളയണമെന്നും പെൺകുട്ടികളെ ജീവനോടെ രക്ഷിക്കണമെന്നും കല്പിച്ചതാര്?

3. ദൈവം നിങ്ങളെ സന്ദർശിക്കും നിശ്ചയം. അപ്പോൾ എൻെറ അസ്ഥികളും നിങ്ങൾ ഇവിടെ നിന്ന് എടുത്തുകൊണ്ട് പോകണമെന്ന് യിസ്രായേൽ മക്കളെ കൊണ്ട് ഉറപ്പായി സത്യം ചെയ്യിച്ചിരുന്നതാര്?

4. മിസ്രയീം ദേശത്തു പേൻ ഉണ്ടാകുവാൻ മോശെ ദൈവത്തിൻെറ വടി എവിടെയാണ് അടിച്ചത്?

5. "എൻെറ മുഖം കാണുന്ന നാളിൽ നീ മരിക്കും". ആര് ആരോട് പറഞ്ഞു?

6. ഞാൻ അന്യ ദേശത്ത് പരദേശി ആയിരുന്നു എന്നു പറഞ്ഞ് മോശെ മകനിട്ട പേരെന്ത്?

7. ഇഷ്ടിക ഉണ്ടാക്കുവാൻ ജനത്തിനു മുമ്പിലത്തെപ്പോലെ ഇനി വയ്ക്കോൽ കൊടുക്കരുത് ഫറവോൻ ആരോടാണ് ഇത് പറഞ്ഞത്?

8. യഹോവ യിസ്രായേൽ മക്കളോട്, പെസഹാ ദിവസം തീയിൽ ചുട്ടതായ മാംസവും പുളിപ്പില്ലാത്ത അപ്പവും തിന്നുമ്പോൾ എന്തിനോടു കൂടെ തിന്നണം എന്നാണ് അരുളി ചെയ്തത്?

9. യഹോവ മിദ്യനിൽ വച്ചു മോശെയോട് അരുളി ചെയ്തത്പോലെ, അവൻ തൻെറ ഭാര്യയേയും, പുത്രന്മാരെയും കൂട്ടി കഴുതപ്പുറത്തു കയറി മിസ്രയീം ദേശത്തേയ്ക്കു മടങ്ങിയപ്പോൾ കൂടെ കൊണ്ടു വന്നത് എന്താണ്?

10. യിസ്രയേൽ മക്കളുടെ ഇടത്തും വലത്തും മതിലായി നിന്നത് എന്താണ്?

11. ഭൂമിയിൽ ഞാൻ തന്നെ യഹോവ എന്നു ഫറവോൻ അറിയേണ്ടതിന് ഏത് ദേശത്ത് നായ്ക്കീച്ച വരാതെ വേർ തിരിക്കും എന്നാണ് യഹോവ അരുളി ചെയ്തത്?

12. ഒരു അന്യ ജാതിക്കാരൻ യഹോവയ്ക്ക് പെസഹ ആചരിക്കണമെങ്കിൽ അവൻ എന്തു ചെയ്യണം?

13. മരുഭൂമിയിൽ മരിക്കുന്നതിനേക്കാൾ മിസ്രയീമ്യർക്കു വേല ചെയ്യുന്നതായിരുന്നു നല്ലത് എന്ന് യിസ്രായേൽ ജനം പറഞ്ഞപ്പോൾ അതിനു മോശെ കൊടുത്ത മറുപടി എന്ത്?

14. എത്രത്തോളം ഇവൻ നമുക്കു കെണിയായിരിക്കും? ആര് ആരോട് പറഞ്ഞു?

15. യഹോവയായ ദൈവം മുൾപടർപ്പിൻെറ നടുവിൽ നിന്നുകൊണ്ട് മോശെയെ എത്ര പ്രാവശ്യം വിളിച്ചു?

## Quiz No : 4 Answer

1. എഫെസോസിലെ (20:25)

2. അഥേന (17:24)

3. മർക്കോസ് എന്ന യോഹന്നാൻ (15:35)

4 ഫെസ്തൊസ് (25:9,10,11)

5. അഗബൊസ് (21:11?

6. നിങ്ങൾ എന്നെ കർത്താവിൽ വിശ്വസ്ത എന്ന് എണ്ണിയിരിക്കുന്നുവെങ്കിൽ എന്റെ വീട്ടിൽ വന്നു പാർക്കുവിൻ (16:15)

7. ക്ലൌദ്യൊസ് (18:1)

8. ശൗൽ അല്ലെങ്കിൽ പൌലോസ് (26:14)

9. നാല്പതിലധികം പേർ (23:12)

10. പൌലോസ് വെളിച്ചപ്പാടത്തിയിലെ ഭൂതത്തോട് (16:18)

11. മൂന്നു സംവത്സരം (20:31)

12. മേലിത്ത (28:1)

13. പ്രസ്കില്ല, അകില്ലാസ് (18:18)

14. ഈശാനമൂലൻ (27:13,14)

15. അരയോപഗസ്ഥാനിയായ ദിയൊനസ്യോസും, ദമരിസ് എന്ന സ്ത്രീയും (17:34)

Winners of May will be published in July Edition

Usha Achenkunju



# Announcements

June 24 തിങ്കൾ - VBS ആരംഭം
June 26 ബുധൻ - ശ്ലീഹാ നോമ്പാരംഭം
June 28 വെള്ളി - സുവിശേഷ പ്രസംഗം 7:30pm
June 29 ശനി - ഇടവക പെരുന്നാൾ; വി. കുർബ്ബാന 7:30pm
July 2 ചൊവ്വ - മാർത്തോമ ശ്ലീഹായുടെ ദുഖ്റോനോ, വി. കുർബ്ബാന 7:30pm

## NEW BORN

Baby girl to Gijo Rajan and Jincy Gijo
Baby girl to Saji C. Varkey (Ettan) and Jaimol Saji

## അനുശോചന സന്ദേശങ്ങൾ

നമ്മുടെ മെമ്പർമാരായ ശ്രീ. Paulose P. V.-യുടെ മാതൃ സഹോദരനും, ശ്രീ. Babykutty V. P.-യുടെ ഭാര്യാസഹോദരിയുടെ ഭർത്താവും മകളും, ശ്രീ. Jinu K. Thomas-ന്റെ ഭാര്യാപിതാവും, ശ്രീ. Elgeesh Eldho-യുടെ പിതാവും, ശ്രീ. Geo Eldo George-ന്റെ grandmother-ഉം, ശ്രീ. Solomon D. K.-യുടെ മാതാവും, ശ്രീ. Sony Abraham-ന്റെ grandfather-ഉം, ശ്രീ. Zacharia M. T.-യുടെ ഭാര്യാമാതാവും കർത്താവിൽ നിദ്ര പ്രാപിച്ച വിവരം വ്യസനസമേതമറിയിക്കുന്നു.

സന്തപ്ത കുടുംബാംഗങ്ങളോടുള്ള ഇടവകയുടെ അനുശോചനം അറിയിക്കുന്നതിനോടൊപ്പം പരേതാത്മാക്കളുടെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# Events





Fairwell Mementos presented to Mr. Evin T Jacob & Mr. Ajith Kuriakose



Harvest Festival Raffle Ticket sale to Mr. Ciby K. Oommen



Harvest Festival Special Bulletin First Ad received from Mr. Ealias Thomas



Special Bulletin 2013.indd 15 12-Jun-13 5:05:50 AM



Awards for Academic excellence to Miss. Merin Mary Basil, Miss. Juliya Benny & Miss. Elaine Agith

# For Favours Received



**Jose Samuel & Family**



**O.C. Alexander & Family**